Bindu.T

# 2025-26

# EALP SCHOOL

# ERUMAKKADU

# അക്കാദമിക

# മാസ്റ്റർ

# പ്ലാൻ

Scanned with OKEN Scanner

# ആമുഖം

## പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാകുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രോജക്ടുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ഇ.എ.എൽ.പി. സ്കൂൾ എരുമക്കാട്. പൊതുസമൂഹത്തിന്റെയും പി.ടി.എ യുടെയും പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയമികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത്.

പി.ടി.എ. പ്രസിഡന്റ്
പ്രിൻസി. ജിജി.

ഹെഡ്മിസ്ട്രസ്
ബിന്ദു. T.

എം.പി.ടി.എ പ്രസിഡന്റ്
അനില

Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഇ.എ.എൽ.പി.എസ്. എരുമക്കാട് . |
| മേൽവിലാസം | : | എരുമക്കാട്<br>ആറന്മുള<br>പത്തനംതിട്ട |
| ഫോൺ | : | 9447517211 |
| സ്കൂൾ കോഡ് | : | 37414 |
| വിദ്യാഭ്യാസ ഉപജില്ല | : | ആറന്മുള |
| വിദ്യാഭ്യാസ ജില്ല | : | തിരുവല്ല. |
| റവന്യൂ ജില്ല | : | പത്തനംതിട്ട |
| ബി. ആർ. സി | : | ആറന്മുള |
| ഗ്രാമപഞ്ചായത്ത് | : | ആറന്മുള |
| ബ്ലോക്ക് പഞ്ചായത്ത് | : | |
| ജില്ലാ പഞ്ചായത്ത് | : | പത്തനംതിട്ട |
| താലൂക്ക് | : | |
| വില്ലേജ് | : | |
| ഇ-മെയിൽ വിലാസം | : | ealpschoolschool @ gmail.com. |
| നിയമസഭാ മണ്ഡലം | : | |
| ലോകസഭാ മണ്ഡലം | : | |
| സ്കൂൾ വിക്കി | : | Ealps എരുമക്കാട് . |

Scanned with OKEN Scanner

# ഇ. എ. എൽ. പി. സ്കൂൾ എരുമക്കാട്

പത്തനംതിട്ട ജില്ലയിലെ തിരുവല്ല വിദ്യാഭ്യാസ ജില്ലയിലെ ആറന്മുള ഉപജില്ലയിൽ ആറന്മുള ഗ്രാമപഞ്ചായത്തിൽ എരുമക്കാട് എന്ന നയനമനോഹരമായ ഗ്രാമത്തിലാണ് ഇ. എ. എൽ. പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇത് ഒരു എയ്ഡഡ് വിദ്യാലയമാണ്. AD 1905-ൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. എരുമക്കാടിന്റെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പുരോഗതിക്കു അടിത്തറയേകാൻ ഈ സരസ്വതി ക്ഷേത്രം ഹരിശ്രീ കുറിക്കുന്നു.

Scanned with OKEN Scanner

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ്. എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി പി.ടി.എ ചേരും.
7. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ SRG-യുടെ നേതൃത്വത്തിൽ നൽകും.
8. വിദ്യാലയം ഒരു പുസ്തകം എന്നാശയം മുൻനിർത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

Scanned with OKEN Scanner

9. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷിതാബോധം ഒഴിവാക്കി 'നാട്ടിവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

10. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.

11. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജലനിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

12. കൃഷി, ഔഷധത്തോട്ടം ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

# അക്കാദമികം

## നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
- 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.
- കലാപഠനം, പ്രവർത്തിപരിചയപഠനം, കായികപഠനം എന്നിവക്ക് പ്രത്യേക പരിശീലനം.
- പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.

▲ സർഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.

▲ പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.

▲ കാർഷിക പ്രവർത്തികൾ. ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ.

# പരിമിതികൾ

അക്കാദമികം

▲ കുട്ടികളുടെ കുടുംബാന്തരീക്ഷം

▲ നിലവിലുള്ള പാഠ്യപദ്ധതിക്കനുസരിച്ച് രക്ഷകർത്താക്കൾക്ക് ധാരണക്കുറവ്.

▲ മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ, എന്നിവയുടെ അഭാവം.

▲ ഐ.ടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല.

▲ കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. 20% വായന, ലേഖനം മേഖലയിലെ പിന്നോക്കാവസ്ഥ.

▲ ഇംഗ്ലീഷിൽ ആശയവിനിമയ ശേഷിയിലുള്ള പിന്നോക്കാവസ്ഥ.

▲ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിലുള്ള ആത്മവിശ്വാസക്കുറവ്.

▲ സംഖ്യാബോധം, ചതുഷ്ക്രിയകൾ, പ്രായോഗിക പ്രശ്നാപഗ്രഥനം, തുടങ്ങിയവയിലുള്ള പിന്നോക്കാവസ്ഥ.

▲ കലാകായിക പരിശീലനങ്ങളുടെ കുറവ്, പോഷകാഹാര കുറവ്.

### ഭൗതികം

- ▲ കളിസ്ഥലത്തിന്റെ അഭാവം
- ▲ കളിയുപകരണങ്ങളുടെ അഭാവം
- ▲ ഫർണിച്ചറുകളുടെ അഭാവം.
- ▲ ലൈബ്രറി - ഷെൽഫ്, റൂം ഇവയുടെ കുറവ്
- ▲ വായനാമുറി, ഇരുന്നു വായിക്കാനുള്ള കസേര, മേശ എന്നിവയുടെ അഭാവം.
- ▲ സ്മാർട്ട് ക്ലാസ്റൂമിന്റെ അഭാവം.
- ▲ കമ്പ്യൂട്ടർ റൂം, സയൻസ് ലാബ്, ഗണിതലാബ് എന്നിവയ്ക്കുള്ള പ്രത്യേക മുറികളുടെ അഭാവം.
- ▲ സ്കൂളിന് ചുറ്റുമതിൽ, ഓഫീസ് റൂം, സ്റ്റാഫ് റൂം, ഇവയുടെ അഭാവം.
- ▲ ദിശാ ബോർഡുകൾ, ആകർഷകമായ ചുവരുകൾ ഇവയുടെ അഭാവം.

# അക്കാദമിക പ്രവർത്തനങ്ങൾ

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം

- ▲ എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- ▲ എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

Scanned with OKEN Scanner

- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.

ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ 'ആശയവിനിമയം ഇംഗ്ലീഷിൽ' എന്ന രീതി ക്ലാസ് മുറികളിൽ നടപ്പിലാക്കുന്നു.
- ക്ലാസ് തല വായനമൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
- ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

പരിസരപഠനം.

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

Scanned with OKEN Scanner

- ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

സാമൂഹികാവബോധം.

- ജനാധിപത്യ വേദികൾ ഒരുക്കുക.
- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പുവരുത്തുക.
- ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ കുട്ടികളിലും വളർത്തുക.

ഐ. സി. ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് ~~സ്വതന്ത്രമായും~~ സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

Scanned with OKEN Scanner

## പ്രവൃത്തി പരിചയം.

- ▲ നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- ▲ പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ▲ ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവർത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

- ▲ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
- ▲ കലാഭിരുചി വളർത്തുക.
- ▲ ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
- ▲ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക
- ▲ 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം.

- ▲ മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
- ▲ എല്ലാകുട്ടികൾക്കും ആരോഗ്യകായികക്ഷമത ഉറപ്പാക്കുക.
- ▲ നല്ല ആരോഗ്യശീലങ്ങൾ വളർത്തുക.
- ▲ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
- ▲ ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

Scanned with OKEN Scanner

# അധ്യാപകർ

| Sl No | പേര് | തസ്തിക | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | സ്വദേശം. |
|---|---|---|---|---|---|
| 1. | ബിന്ദു T | HM | | | |
| 2. | ജിഷ ജയ്മോൻ | LPST | 27/05/1995 | Plus Two, D.Ed. K.TET 1 | തണ്ണിത്തോട്. |
| 3. | സൗമ്യ. M.A | LPST | 11/03/1992 | Plus Two D.Ed. KTET 1 | നാരങ്ങാനം. |
| 4. | ശ്രീക്കുട്ടൻ | LPST | 23/05/2000 | Plus Two D.el.ed KTET 1 | ഇലവുംതിട്ട |

Scanned with OKEN Scanner

മേഖല - അക്കാദമികം
ഉപമേഖല - ഭാഷ
ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1. ഭാഷാകളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി | SMC |
| | 2. അമ്മ പറയട്ടെ അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG മദർ PTA | മദർ പിടിഎ. |

മേഖല - അക്കാദമികം
ഉപമേഖല - ഇംഗ്ലീഷ്
ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന് | SRG Class Teacher | SSA |

Scanned with OKEN Scanner

മേഖല - അക്കാദമികം
ഉപമേഖല - ഗണിതം
ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1. ഗണിത മാഗസിൻ<br>2. ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3. ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ | ജൂൺ - മാർച്ച്.<br>സെപ്തംബർ<br>മാസത്തിൽ ഒന്ന് വീതം. | SRG<br>ക്ലാസ് ടീച്ചർ<br>SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം
ഉപമേഖല - പരിസരപഠനം
ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള- പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതും ആസ്വദിക്കുന്നതിനും. | പുഷ്പോദ്യാനം ഔഷധത്തോട്ടം, ചുറ്റുവട്ടത്തുള്ള | ഡിസംബർ ജനുവരി. | SRG SMC | |

Scanned with OKEN Scanner

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

ക്ലാസ് : 11 (2)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | എഴുത്തും കുത്തും ലേഖന രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ | ഒക്ടോബർ നവംബർ | SRG SMC ക്ലബ്ബുകൾ | മദർപി.ടി.എ. |
| | ലഘുപതിപ്പുകൾ തയ്യാറാക്കൽ | ഡിസംബർ | മദർപിടിഎ സ്റ്റാഫ് | |
| സർഗാത്മകതയെ തൊട്ടുണർത്തൽ. | രചനാ ശില്പശാല കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി | SMC അധ്യാപകർ ക്ലബ്ബുകൾ പ്രമുഖ വ്യക്തികൾ | SRG SMC. |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം (EVS)

ക്ലാസ് - II (2)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ<br>ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ | പ്രകൃതിനടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ | സെപ്തംബർ<br>ഡിസംബർ | ടീച്ചേഴ്സ്<br>SRG<br>SMC | SMC |
| നാടറിയാൻ- നാടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്<br>നമ്മുക്കും കർഷകരാകാം. | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

Scanned with OKEN Scanner

മേഖല : ഗണിതം

ഉപമേഖല : ഗണിതം

ക്ലാസ് : 11 (2)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതികണക്കുകളും, ഗണിതപസിലുകളും പരിചയപ്പെടൽ)<br><br>ഗണിതക്യാമ്പ് (ഗണിതകളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | SSA |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II (2)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk<br>പ്രതിഭാധനരുമായി സംവാദിക്കൽ<br>English [illegible]<br>ഇംഗ്ലീഷ് അസംബ്ലി<br>one day english | മൂന്ന് മാസത്തിലൊന്ന്<br>മാസത്തിലൊന്ന്<br>ആഴ്ചയിലൊന്ന്. | SRG<br>class teacher<br>SMC | SSA |

Scanned with OKEN Scanner

ക്ലാസ് — III

വിഷയം — ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | · ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസ്വാദനവും.<br>· ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ |
| ഗണിതം പഠിക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി |

ക്ലാസ് : III

വിഷയം – മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| • സാഹിത്യ പ്രതിഭകളെ അടുത്തറിയാം | • കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ |
| | • പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ |
| | • ചിത്ര ഗാലറി | ജനുവരി |
| • വായനാ പരിപോഷണം | • പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ |
| | • വായനാക്കുറി | ആഴ്ചയിൽ |
| | • നാട്ടുവായന പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ഓഗസ്റ്റ് |

Scanned with OKEN Scanner

ക്ലാസ് – III

വിഷയം – പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| • ശാസ്ത്രാവബോധം വളർത്തുക | • കണ്ടെത്താം അറിയാം<br>• ലഘു പരീക്ഷണങ്ങൾ നടത്തുന്നു<br>• കുറിച്ച് തയാറാക്കൽ | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് |
| • പ്രകൃതി വിഭവ സംരക്ഷണം | • ജൈവ വൈവിധ്യ പാർക്ക്<br>• നടയണ<br>• മഴക്കുഴി നിർമ്മാണം<br>• ജലസ്രോതസ്സുകൾ<br>• പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം. | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ |
| • ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | • ശാസ്ത്രപ്രതിഭകളെ അടുത്തറിയാം<br>• പരീക്ഷണം വീടിനകത്തും<br>• ശാസ്ത്രമാസികകൾ | ജനുവരി<br>ഫെബ്രുവരി |

ക്ലാസ് — III

വിഷയം — ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | സമയം |
| --- | --- | --- |
| ഇംഗ്ലീഷ് റൈം യോജ്യമായി ചൊല്ലുന്നതിനു അഭിനയിക്കുന്നത് | കാർട്ടൂൺ പ്രദർശനം<br>ചിത്രം പ്രദർശനം | [illegible] |

മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കാൻ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG class Tr | PTA |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം വായനക്കുറിപ്പ്. ആസ്വാദനക്കുറിപ്പ് ആനുകാലിക വായന | വർഷം മുഴുവൻ | HM, SRG class Teacher CPTA | PTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം വർഷം മുഴുവൻ | SRG classTr. | PTA |
| ലേഖനശേഷി വർധിപ്പിക്കൽ- സാഹിത്യകാരന്മാരെ അടുത്തറിയാം | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ ചിത്രഗ്യാലറി | ആവശ്യാനുസരണം | class Tr: | |

Scanned with OKEN Scanner

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തും |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ അസംബ്ലിയുടെ മുഴുവൻ ചുമതലയും കുട്ടികൾക്ക് | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | ആഴ്ചയിൽ മൂന്നു ദിവസം വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷിലെ സർഗ്ഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ skit, Drama conversation story Telling | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് മാഗസിൻ- സർഗ്ഗാത്മകത, രചനശേഷി വികസനം. | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്നു മാസത്തിലൊരിക്കൽ | HM Class Tr. SMC | SMC |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സൃഷ്ടികളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഉള്ള വായനാമൂല | ആഴ്ചയിൽ ഒന്ന് | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ഗണിതപഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് - നടപ്പാക്കൽ | വർഷം മുഴുവൻ | SRG class Tr | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കരചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| ഗണിതപഠന പ്രവർത്തനം [illegible]മാക്കൽ | ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| ഗണിതരൂപങ്ങളുടെ പ്രായോഗികതയും തിരിച്ചറിയൽ. | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം കൂടുതൽ രസകരമാക്കാം | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | Class Teacher | PTA |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ, പാട്ടുകൾ | വർഷത്തിലൊന്ന് | SRG class Teacher | PTA |

പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം<br>നിരീക്ഷണം. അറിവുനിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ടഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം. | HM<br>CPTA | PTA |
| ശാസ്ത്രമേള<br>ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിന് ആവശ്യമായ സാമഗ്രികൾ, ഉപകരണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്ടീച്ചർ | PTA<br>SSA |
| ശാസ്ത്രയാത്ര<br>ശാസ്ത്രപഠനത്തിൽ താത്പര്യം ജനിപ്പിക്കൽ | വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>PTA<br>SRG<br>Class Tr | PTA<br>രക്ഷിതാക്കൾ |
| ഭൂപടമൊരുക്കാം<br>കേരളം - ഇന്ത്യ ഭൂപടവായന സൂചിക- പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം | വർഷത്തിൽ ഒന്ന് | SRG<br>Class Tr | PTA |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രവിസ്മയചുമർ<br>ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>class Tr | PTA |
| ശാസ്ത്രോത്സവം<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ്, ചാർട്ട് ആൽബം, പഠനോപകരണം പരീക്ഷണം ഇവയുടെ പ്രകാശനം | വർഷത്തിലൊരിക്കൽ | HM<br>~~PTA~~ SRG<br>class Tr | PTA |
| ശാസ്ത്രമാസിക<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>class Tr | PTA |

Scanned with OKEN Scanner

# മലയാളം / പഠനപിന്നാക്കാവസ്ഥ.

പ്രവർത്തനം : 1

പേര് : പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (ഒരു പുസ്തകം) | സൗമ്യ ടീച്ചർ. | 200₹ |

പ്രവർത്തനം : 2

പേര് : എന്റെ പിറന്നാൾ പുസ്തകം.

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

| പ്രവർത്തന നമ്പർ | പ്രവർത്തനങ്ങളുടെ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമാന്യ വിലയിരുത്തൽ |
|---|---|---|---|---|---|
| 3. അക്ഷരക്കൂട്ടം. (വായനാ കോർണർ) | മികച്ച വായനാ ശീലം വളർത്തുക. | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്മുറിയിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി | - |
| 4. സ്കൂൾ ലൈബ്രറി | " | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. | " | P.T.A. | - |
| 5. കയ്യെഴുത്ത് മാഗസിൻ/ പതിപ്പ്. | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല ~~[illegible]~~ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കൽ | എല്ലാ മാസവും | Class teacher | - |
| 6. രചനോത്സവം. | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | അധ്യാപകർ തയ്യാറാക്കിയ വ്യവഹാരരൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാരരൂപങ്ങൾ തനിയെ എഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ്. | |
| 7. സർഗ്ഗവേള | എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാ കുറിപ്പുകൾ കാർഡ്/പതിപ്പ് തയ്യാറാക്കൽ/വായനാ കുറിപ്പിനുള്ള പുസ്തകം വിദ്യാർഥികൾക്ക് നൽകുന്നു. | " | Class teacher. | |

Scanned with OKEN Scanner

# ഇംഗ്ലീഷ്

| പ്രവർത്തനം പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ്. |
| 2. ഇംഗ്ലീഷ് ഡയറി (3,4 Class) | ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | ഓരോ ദിവസവും വീട്ടിലേയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | " | Class teacher. |
| 3. Reading Card Work Shop. | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷകർത്താക്കളെ ഉപയോഗിച്ച് English Reading Card നിർമ്മിക്കൽ. | ജൂൺ | English Club. |
| 4. Work sheet work shop | മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്ക് വേണ്ടി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം. | ജൂലൈ | S.R.G. |

Scanned with OKEN Scanner

# ഗണിതം

| പ്രവർത്തന പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- | --- |
| 1. ഗണിത വർക്ക്ഷീറ്റ് ശില്പശാല | പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് മുറികളിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | S.S.G. |
| 2. ഗണിത ലാബ് | അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും ഉറപ്പിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ. | | |

Scanned with OKEN Scanner